# പതിനാലാം കേരള നിയമസഭ
# പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 800 — 28/02/2018 - ൽ മറുപടിക്ക്

## ഇ.എസ്.ഐ. അംഗങ്ങളായ തൊഴിലാളികളുടെ ചികിത്സാചെലവ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ചിറ്റയം ഗോപകുമാർ**<br>**ശ്രീ. ജി.എസ്. ജയലാൽ**<br>**ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ**<br>**ശ്രീമതി. സി.കെ. ആശ** | **ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) ഇ.എസ്.ഐ. അംഗങ്ങളായ തൊഴിലാളികൾക്ക് ലഭ്യമാകുന്ന സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയുടെ ചെലവ് മടക്കി നല്കുന്നതിൽ നിന്ന് കേന്ദ്രസർക്കാർ പിൻവാങ്ങിയോയെന്ന് വ്യക്തമാക്കുമോ; | (എ) ഇ.എസ്.ഐ അംഗങ്ങളായ തൊഴിലാളികൾക്ക് ലഭ്യമാകുന്ന സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയുടെ ചെലവ് മടക്കി നൽകുന്നതിൽ നിന്ന് കേന്ദ്ര സർക്കാർ പൂർണ്ണമായും പിൻവാങ്ങിയിട്ടില്ല. ഇപ്പോൾ ഓൺലൈൻ റഫറൻസ് വഴി ഇ.എസ്.ഐ കോർപ്പറേഷൻ tie-up ഉള്ള സൂപ്പർ സ്പെഷ്യാലിറ്റി ബില്ലും ആർ.സി.സി. ബില്ലും മാത്രമാണ് ഇ.എസ്.ഐ കോർപ്പറേഷൻ നൽകുന്നത്. 2016 ജൂലൈ മുതലുള്ളതും അടിയന്തിര സാഹചര്യങ്ങളിലെ ചികിത്സയുമായി ബന്ധപ്പെട്ടതുമായ റീ-ഇംബേഴ്സ്മെന്റ് ക്ലെയിമുകൾ സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർ മടക്കി നൽകിയിട്ടുണ്ട്. |
| (ബി) ഇ.എസ്.ഐ. അംഗങ്ങളായുള്ള തൊഴിലാളികളുടെ ചികിത്സാചെലവ് പങ്കിടുന്നത് സംബന്ധിച്ച് ഇ.എസ്.ഐ. കോർപ്പറേഷനും സംസ്ഥാന സർക്കാരും തമ്മിലുള്ള ധാരണയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) ഇ.എസ്.ഐ കോർപ്പറേഷനും സംസ്ഥാന സർക്കാരും തമ്മിലുണ്ടാക്കിയിരിക്കുന്ന കരാർ പ്രകാരം മെഡിക്കൽ ആനുകൂല്യം പ്രദാനം ചെയ്യുന്നതിനുള്ള ചെലവിന്റെ 7/8 ഭാഗം ഇ.എസ്.ഐ കോർപ്പറേഷനും 1/8 ഭാഗം സംസ്ഥാന സർക്കാരും വഹിക്കണമെന്നാണ് വ്യവസ്ഥ. ഒരു ഐ.പി.ക്ക് 2150/- രൂപ എന്ന സീലിംഗിന് വിധേയമായിട്ടാണ് നിലവിൽ ചെലവ് നിർവഹിക്കുന്നത്. ഇതിൽ 1075/- രൂപ ഭരണനിർവഹണത്തിനും ബാക്കി 1075/- രൂപ ചികിത്സയിനത്തിലുമാണ് ചെലവിടേണ്ടത്. ഇപ്രകാരമുള്ള തുക 7/8 ഭാഗം ഇ.എസ്.ഐ കോർപ്പറേഷൻ നാല് ഗഡുക്കളായി സംസ്ഥാന സർക്കാരിന് നൽകുന്നു. 1/8 ഭാഗം സംസ്ഥാന |

സർക്കാരാണ് ചെലവിടേണ്ടത്. സീലിംഗിൽ കൂടുതലായി ചെലവു വരികയാണെങ്കിൽ പ്രസ്തുത തുക സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്. ഇ.എസ്.ഐ കോർപ്പറേഷൻ നൽകുന്ന 7/8 ഭാഗത്തിന്റെ 90 ശതമാനമാണ് നാലു ഗഡുക്കളായി നൽകുന്നത്. ബാക്കി 10 ശതമാനം അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകുമ്പോൾ സർക്കാരിന് നൽകുന്നതാണ്. 2017-18 മുതൽ ഐ.പി യുടെ സീലിംഗ് 3000/- രൂപയായി കോർപ്പറേഷൻ വർദ്ധിപ്പിച്ചുവെങ്കിലും, വർദ്ധിപ്പിച്ച തുക രൊക്കമായി സംസ്ഥാന സർക്കാരിന് നൽകുകയില്ല. പകരം സംസ്ഥാന സർക്കാർ ഇ.എസ്.ഐ കോർപ്പറേഷനിൽ സമർപ്പിച്ച Project Implementation Plan – ൽ ഉൾപ്പെടുത്തിയ പദ്ധതികൾക്ക് കോർപ്പറേഷൻ അനുമതി നൽകുകയും ആവശ്യമായ തുക ചെലവാകുന്ന മുറയ്ക്ക് തിരിച്ചു നൽകുകയുമാണ് ചെയ്യുന്നത്. സീലിംഗിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ഉൾപ്പെടുന്നില്ല.

(സി) ഇ.എസ്.ഐ. അംഗങ്ങളായ തൊഴിലാളികൾക്ക് വിദഗ്ധ ചികിത്സയുടെ റീഇംബേഴ്സ്മെന്റ് ലഭിച്ചു തുടങ്ങുന്ന കാലപരിധിയിൽ വരുത്തിയ മാറ്റമുൾപ്പെടെ, തൊഴിലാളികൾക്ക് ഗുണകരമല്ലാത്ത എന്തെല്ലാം മാറ്റങ്ങളാണ് ഇ.എസ്.ഐ. കോർപ്പറേഷൻ നടപ്പിൽ വരുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ?

(സി) ഇ.എസ്.ഐ ഗുണഭോക്താവിന് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് ലഭിക്കേണ്ട അർഹത സർട്ടിഫിക്കറ്റിനുള്ള മാനദണ്ഡങ്ങളിൽ ഇ.എസ്.ഐ കോർപ്പറേഷൻ ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി ചികിത്സയ്ക്കുള്ള അസുഖം കണ്ടെത്തുന്ന തീയതിക്ക് തൊട്ടുമുമ്പുള്ള രണ്ട് വർഷം ഐ.പി തുടർച്ചയായി തൊഴിലിൽ ഉണ്ടായിരിക്കേണ്ടതാണ് എന്നും രോഗം ആരംഭിക്കുന്നതിന് മുമ്പായി നാല് അംശാദായ കാലയളവുകളിലായി 156 ദിവസത്തെ അംശാദായം അടയ്ക്കുകയും ടി കാലയളവിൽ ഏതെങ്കിലും രണ്ട് അംശാദായ കാലയളവിൽ രോഗാനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുകയും വേണം എന്ന വ്യവസ്ഥ ഇ.എസ്.ഐ കോർപ്പറേഷൻ നിശ്ചയിച്ചു. ഈ സാഹചര്യത്തിൽ 2 വർഷത്തിൽ താഴെ സർവീസുള്ള ഗുരുതരമായ അസുഖങ്ങളുള്ള ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് വിദഗ്ധ ചികിത്സാസേവനം ഇ.എസ്.ഐ ആനുകൂല്യം വഴി ലഭിക്കാൻ തടസ്സമുണ്ടാകുന്നു.

അടിയന്തിര സാഹചര്യങ്ങളിലെ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സക്ക് ഐ.പി. അടുത്തുള്ള

സർക്കാർ ആശുപത്രികളിലോ പ്രൈവറ്റ് ആശുപത്രികളിലോ ചികിത്സിച്ചാൽ ചെലവാകുന്ന തുക റീ-ഇംബേഴ്സ്മെന്റ് ചെയ്ത് ലഭിക്കില്ല.

30.08.2014-ന ശേഷം രജിസ്റ്റർ ചെയ്ത തൊഴിലാളി, രജിസ്റ്റർ ചെയ്യുന്നതിനു മുമ്പ് കാൻസർ, വൃക്കരോഗ ബാധിതനാണെങ്കിൽ പ്രസ്തുത രോഗങ്ങൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാനുകൂല്യം ലഭിക്കുകയില്ല.

സി.ജി.എച്ച്.എസ് പാക്കേജിൽ ഉൾപ്പെടാതെ 10 ലക്ഷം രൂപയിൽ കൂടുതൽ ചികിത്സാച്ചെലവ് വരികയാണെങ്കിൽ ഇ.എസ്.ഐ ഹെഡ്ക്വാർട്ടേഴ്സിന്റെ അനുമതി ആവശ്യമുണ്ട്.

സെക്ഷൻ ഓഫീസർ